**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6298** **20-03-2023 - ൽ മറുപടിയ്ക്ക്**

**കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോട്ടക്കൽ മണ്ഡലത്തിൽ നിന്നും 2016 മുതൽ നാളിതുവരെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ള കോളനികളുടെ വിശദാംശവും അവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതിയും വിശദമാക്കുമോ; | (എ) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ബി) | ആയതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടെന്നും ഇനി പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ; | (ബി) | വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (സി) | കോട്ടക്കൽ മണ്ഡലത്തിൽ നിന്നും നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | പ്രസ്തുത നിയോജക മണ്ഡലത്തിൽ നിന്നും നടപ്പ സാമ്പത്തിക വർഷം അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലേക്ക് പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കോട്ടക്കൽ മണ്ഡലത്തിലെ അംബേദ്കർ ഗ്രാമ വികസന പദ്ധതി വഴി 2016 മുതൽ നാളിതുവരെ തെരഞ്ഞെടുത്ത കോളനികൾ

| വർഷം | കോളനിയുടെ പേര് | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി |
|---|---|---|
| 2016-17 | തെക്കേക്കര പട്ടികജാതി കോളനി | പൂർത്തീകരിച്ചിട്ടുണ്ട് |
| 2016-17 | പൊറ്റേക്കളംപടി പട്ടികജാതി കോളനി | പ്രവൃത്തികൾ പൂർത്തീകരിച്ചു |
| 2019-20 | പോക്കാട്ടുകുഴി പട്ടികജാതി കോളനി | എസ്റ്റിമേറ്റ് പ്രകാരമുള്ള 5 റോഡുകളിൽ 4 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതി ആരംഭിച്ചിട്ടില്ല. പാർട്ട് ബിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന പ്രവൃത്തികൾ 2 മാസത്തിനകം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2021-22 | പൂവത്തുംതറ പട്ടികജാതി കോളനി | എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 2021-22 | മണ്ണഴി - കോട്ടപ്പുറം പട്ടികജാതി കോളനി | എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |